പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4290 | 17.12.2014- ൽ മറുപടിക്ക് |
|---|---|

## ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ഇ. പി. ജയരാജൻ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന ഹോട്ടലുകളുടെയും റെസ്റ്റാറന്റുകളുടെയും മറ്റു ഭക്ഷ്യ വസ്തു നിർമ്മാണ യൂണിറ്റുകളുടെയും പരിശോധനയ്ക്ക് ആരോഗ്യവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ടോ; | എ) | ഇല്ല. |
| ബി) | ആവശ്യാനുസരണം മാത്രം ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തുന്ന നിലവിലുള്ള സമ്പ്രദായം മാറ്റി യഥേഷ്ടം ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം ഭക്ഷ്യസുരക്ഷാ വകുപ്പിന് ലഭ്യമാക്കുന്ന തരത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ; | ബി) & സി) | ഭക്ഷ്യ സുരക്ഷാ ഓഫീസർമാരുടെ നിയമപരമായ ചുമതലകളും യോഗ്യതകളും ഉത്തരവാദിത്വങ്ങളും, 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിൽ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ, ടി ചുമതലകളും ഉത്തരവാദിത്വങ്ങളും മറ്റൊരു ഉദ്യോഗസ്ഥന് കൈമാറുന്നതിന് നിർവാഹമില്ല. ഭക്ഷ്യസുരക്ഷാ വകുപ്പിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ, ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള വിശദമായ പഠനം ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് നടത്തി വരികയാണ്. |
| സി) | ഇല്ലെങ്കിൽ ഇതു സംബന്ധിച്ച പഠനം നടത്തുവാനും അതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുവാനും തയ്യാറാകുമോ? | | |

സെക്ഷൻ ഓഫീസർ